സേക്രഡ് ഹാർട്ട് .സി .ജി .എച്ച്.എസ് .എസ് .തൃശ്ശൂർ

# ഹൃദയവീണ

# 2019 - 2020



# തിരുഹൃദയ തണലിലേക്ക്.......



# ചരിത്രതാളുകളിലൂടെ......

സംസ്കാര സമ്പന്നമായ തൃശ്ശൂർ നഗരത്തിൻെറ ഹൃദയഭാഗത്ത് പ്രശസ്തിയുടെ മകുടമണിഞ്ഞ് ഉന്നത ശീർഷയായി നിൽക്കുന്ന സേക്രഡ് ഹാർട്ട് വിദ്യാനികേതനം 1920-ലാണ് ജന്മം കൊണ്ടത്. 1920 ജൂൺ 7-ന് 106 ബാലികാബാലന്മാരാണ് അക്ഷരത്തിൻെറ മധുരം നുണയാൻ ഈ തിരുമുറ്റത്ത് ആദ്യമായി കാലുകുത്തിയത്.ഇന്ന് 5-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ 29 ഡിവിഷനുകളായി 2700-ൽ പരം വിദ്യാർത്ഥികളെയും + 2 വിഭാഗത്തിൽ 800 ഓളം വിദ്യാർത്ഥികളെയും,എൽ.പി. വിഭാഗത്തിൽ 800-ഓളം ബാലികാബാലന്മാരെയും വിദ്യനൽകി വളർത്തി വലുതാക്കുന്ന അമ്മയാണ് ഈ സ്ഥാപനം.വിജ്ഞാന സാഗരതീരത്ത് നിൽക്കുന്ന ഈ ദീപസ്തംഭത്തിന് നാളിതുവരെ ദൈവം തന്ന അനുഗ്രഹങ്ങളെയെല്ലാം നന്ദിപൂർ്വ്വം സ്മരിക്കാം.

1921-ൽ ഈ വിദ്യാലയത്തിൻെറ വളർച്ച കണ്ട് ഇതിനെ ഒരു അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തി. 1927-ൽ ആണ് കടിഞ്ഞൂൽ പുത്രിമാർ എന്ന് വിശേഷിപ്പിക്കാവുന്ന ആദ്യത്തെ ബാച്ച് വിദ്യാർത്ഥിനികൾ ഈ വിദയാലയത്തിൽ നിന്ന് പരീക്ഷക്ക് ഇരുന്നത്.അന്ന് അവർ പ്രശസ്തമായ വിജയം കരസ്ഥമാക്കുകയും ചെയ്തു. അന്ന് ആരംഭമിട്ട ആ ജൈത്രയാത്ര ഇന്നും അവിരാമം തുടന്നുകൊണ്ടിരിക്കുയാണ്.

കലാ-സാഹിത്യ രംഗങ്ങളിലും വിജയം നേടിയതിന്റെ വീരഗാഥ രചിക്കുവാൻ സേക്രഡ് ഹാർട്ടിന് കഴിയും.യുവജനോത്സാവങ്ങളിൽ ഈ വിദ്യാലയം മുൻപന്തിയിൽ നിൽക്കുന്നു എന്നത് എടുത്തുപറയേണ്ടതുതന്നെയാണ്.സ്പോർട്സ് രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് സാധിച്ചു.തികഞ്ഞ ആത്മാർത്ഥതയോടെയും തീക്ഷണതയോടെയും പ്രവർത്തിക്കുന്ന ഒരു ഗേൾ ഗൈഡ് വിഭാഗവും,എൻ.സി.സി. യും ജെ.ആർ.സിയും ഇവിടെയുണ്ട്.

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ആധുനികയുഗത്തിൽ വിദ്യാർത്ഥിനികളിൽ ആദ്യാത്മിക ബോധവും സന്മാർഗ്ഗചിന്തയും ഊട്ടിവളർത്തുന്നതിനു വേദോപദേശ ക്ളാസ്സുകളും സന്മാർഗശാസ്ത്ര ക്ലാസ്സുകളും ഇവിടെ നടത്തുന്നുണ്ട്.രൂപതാതലത്തിൽ ഈ വിഷയങ്ങളിൽ നടത്തുന്ന മത്സരങ്ങളിൽ സ്കോളർഷിപ്പുകളും അനവധി സമ്മാനങ്ങളും ഈ വിദ്യാലയത്തിന് ലഭിക്കാറുണ്ട്.

2018-19 അധ്യയന വർഷത്തിൽ 393 കുട്ടികൾ S.S.L.C പരീക്ഷ എഴുതുകയുണ്ടായി.100% വിജയവും 105 കുട്ടികൾ ഫുൾ എപ്ലസും നേടി.ഈ വിദ്യാലയത്തിന്റെ 100-ആം വർഷത്തിൽ 105 ഫുൾ എപ്ലസ് നേടി സേക്രഡ് ഹാർട്ട് എന്ന നാമം വാനോളം ഉയർത്തി.സ്കൂളിന്റെ പുരോഗതിക്കും അഭിവൃദ്ധിക്കുമായി പ്രയത്നിച്ച ഞങ്ങളുടെ സ്നേഹമുള്ള

ഹെഡ്മിസ്ട്രസ് സിസ്റ്റർ മരിയ ജോസ്,തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് 2019 മാർച്ച് 31-ആം തിയതി വിട പറയുകയുണ്ടായി.സിസ്റ്ററിന്റെ ആയുരാരോഗ്യ സൗഖ്യവും പ്രാർത്ഥനകളും നേരുന്നതോടൊപ്പം ഇനിയും വലിയ ഉത്തരവാദിത്വങ്ങൾ ദൈവകൃപയാൽ ചെയ്തു തീർക്കുവാൻ ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും സർവേശ്വരൻ സിസ്റ്ററിനു നൽകട്ടെ എന്ന് ആശംസിക്കുന്നു.ഈ വിദ്യാലയത്തിന്റെ സാരഥിയായി വന്ന സിസ്റ്റർ പവിത്രക്കു ഹൃദയംഗമമായ സ്വാഗതം.

കൂട്ടായ പ്രവർത്തനവിജയത്തിന്റെ മകുടോദാഹരണമാണ് ഇവിടത്തെ അദ്യാപികമാർ.എല്ലാ കാലത്തും സ്വന്തം മക്കളെ പോലെ വിദ്യാർത്ഥികളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി അവർ പ്രവർത്തിക്കുന്നു അവരെ നയിക്കുന്നതിനും അവരോടൊന്നിച്ച് പ്രവർത്തിക്കുന്നതിനും സഹകരണ മനോഭാവമുള്ള ഹെഡ്മിസ്ട്രസ്സുമാരെ ഇന്നുവരെ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട് .

ഭാവി തലമുറ ഈ വിദ്യാലയത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു അന്തസോടും ആഭിജാത്യത്തോടും കൂടി മുന്നോട്ടുനീങ്ങുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.ഈ സ്ഥാപനത്തിന്റെ നാനാതലങ്ങളിലും കൈവന്നിട്ടുള്ള ഉണർവിനും ഉയർച്ചക്കും നിദാനം ഈ സ്ഥാപനത്തിന്റെ നായകനും മധ്യസ്ഥനുമായ ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹം സന്താനപരമ്പരസേക്രഡ് ഹെർട്ടിന്റെ പരിമളംപരത്തുവാൻഅവിടന്നുതന്നെ ഇടയാക്കട്ടെ. നാനാഭാഗത്തും  അവിടന്നുതന്നെ ഇടയാക്കട്ടെ.  പരമ്പരസേക്രഡ് ഹെർട്ടിന്റെ പരിമളം നാനാഭാഗത്തും പരത്തുവാൻ അവിടന്നുതന്നെ ഇടയാക്കട്ടെ.

# VISION

*Total formation of Human person. For the service of society and Nation in spirits of christs. Through intellectual and proffesional Excellence*

# MISSION

*Uphold Gospel Values of Love,Truth and Liberation propagate Social values of justice,peace and equality. Explore and Focus the skills and Talents. Promote the good pledge the Best.*

# MOTTO

*LOVE- TRUTH-LIBERATION*

# എഡിറ്റോറിയൽ

സൃഷ്ടി അങ്ങനെയാണ് ........
വിസ്മയം നിറഞ്ഞ,വൈവിധ്യം നിറഞ്ഞ ഈശ്വരസൃഷ്ടിയായി പ്രകൃതി .....
കലയും അത്ര തന്നെ വൈവിധ്യം നിറഞ്ഞതാണ് .........
തിരുഹൃദയ വിദ്യാലയത്തിലെ കൊച്ചു പട്ടങ്ങളായ ഞങ്ങൾ മണിച്ചെപ്പു തുറന്നപ്പോൾ
ഉതിർന്നുവീണ ഏതാനും ചില മണിമുത്തുകൾ ഇവിടെ സമർപ്പിക്കട്ടെ ...........
പടവാളിനേക്കാൾ തൂലികയുടെ ശക്തി തിരിച്ചറിഞ്ഞ ഈ ലോകത്തിൽ കലയുടെ
തന്ത്രി മീട്ടാൻ ഇനിയും നമുക്ക് കഴിയട്ടെ ...........
ദുരിത പെയ്ത്തിന്റെ ആകുലതകൾക്കിടയിലും കലയുടെ
"ഹൃദയവീണ ശ്രുതി ചേർത്തുമീട്ടി ഒരു സുന്ദര സ്നേഹ ഗാനം
നമുക്ക് ഒരുമിച്ചു പാടാം ...........



ശ്രീലക്ഷ്മി സുനിൽ

മഴ
My Teacher
എന്റെ സ്വപ്ന ഗ്രാമം
Unity Is Strength
സമുദ്രം
മഴമേഘത്തേരിൽ
വിദ്യാലയം
Open A Book
My School
മനസ്സിൽ ഒരു കുളിർമഴ
My Native Land
കടംകഥകൾ
Have You Ever Wondered ?
Forgive
Daffodils
A Book Speaks
അമ്മ
ഈ ഭൂമിയിൽ
My Fabulous Father
എന്റെ കാവൽക്കാരൻ
അക്ഷരമുറ്റത്തെ ഓർമകളിൽ
Handful Of Hope
dreamstime.
സ്വാതന്ത്ര്യം
Global Warming
Hardwork
മാനത്തെ സ്വപ്നസഞ്ചാരികൾ
Technology In Education
Nature
Poets
സൗഹൃദം
Friends Indeed
സൂര്യവസന്തം



വർണങ്ങളുടെയും, കാഴ്ചകളുടെയും ലോകം  നമുക്കായി തുറക്കുമ്പോൾ .......
വിജ്ഞാനത്തിന്റെ വിസ്മയലോകം വെളിപ്പെടുമ്പോൾ ......

പുതുമയുടെയും കരുതലിന്റെയും നന്മയുടെയും വീഥികളിൽ
അക്ഷരവിജ്ഞാനപ്രഭ ചൊരിഞ്ഞ് ശതാബ്ദി നിറവിൽ യശസ്സുയർത്തി നിൽക്കുന്ന ഈ കലാനികേതനത്തിന്റെ  കലാസപര്യ . പ്രപഞ്ചമെങ്ങും കലയുടെ നൂപുരനാദമുയരുമ്പോൾ നമുക്കൊരുമിച്ച് കൈകോർക്കാം .....
**'ഹൃദയവീണ'** നാദത്തിനായി കാതോർക്കാം ......അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകളോടെ .....

സി .പവിത്ര
ഹെഡ് മിസ്ട്രസ്

# മഴ

ഉച്ചനേരത്തൊരു കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ കാർമുഖിലെ
തല്ലിച്ചിതറുമാ ചില്ലുക്കണക്കെയെൻ
മുന്നിലെന്  മഴയായ് പൊഴിഞ്ഞു
പൂക്കുന്ന തൈമാവിൻ ചില്ലകളും
നിറന്നാടുന്ന കൈതോലക്കുട്ടങ്ങളും



കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപെണ്ണിന്റെ കുളിരേറ്റു വാങ്ങുന്നുവോ
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ
മലമുകളിലെ ഉറവയൊടിഴുകുന്നുവോ
നിന്റെ സ്മൃതിഗീതം അലകളായി
തഴുകിട്ടുമ്പോൾ എന്റെ ഗതകാല
സ്മരണകൾ ഉണരുന്നിതാ
മഴയൊരു ഗീതമാകുന്നുവോ
എൻ മാനമൊരു മയിലായി ആടുന്നുവോ
നീളുന്ന ചെമ്മണ്ണ് പാതകളിൽ
മഴനീര് നുഴയുന്ന നാഗത്തെപോൽ
ദൂരെ മഴനീരു നുഴയുന്ന നാഗത്തെപ്പോൽ

തീർത്ഥ ഇ.എസ്
VC

# *My Teacher*

*My teacher is a giver*
*Not a taker*
*She worries about us*
*For our future*
*She is a whole leader*
*And stand by our side*
*She teaches us what is right*
*And makes us what is bold*
*Her love cannot be measured*
*And her advices we always*
*Treasure!*



*Sreelakshmi Sunil*
*IX C*

# എന്റെ സ്വപ്ന ഗ്രാമം

എൻ ഓർമ്മകളിൽ നിറയുന്ന
എൻ ചിന്തകളിൽ ഉയരുന്ന ഗ്രാമം
എൻ സ്വപ്നങ്ങളിൽ ഒഴുകുന്ന ഗ്രാമം
എന്നിൽ നിറയുന്ന എൻ സ്വപ്ന ഗ്രാമം
പാടങ്ങളിൽ നെല്ല് കൊയ്യുന്ന കാലം
പാടവരമ്പിൽ കളിച്ചുനടക്കുന്ന കാലം
പരൽമീനുകളെ പാവാടതുമ്പിൽ
മാറോട് അണക്കുന്ന നേരം
ഊർന്നു പോകുന്ന മീനിനെ
വീണ്ടും കുഞ്ഞി കൈകളാൽ തഴുകുന്ന കാലം
സ്വപ്നങ്ങളിൽ സുഖമുള്ള എൻ ഗ്രാമചിത്രം
എങ്ങോ വിദൂരതയിൽ പോയ്മറയുന്നുവോ



Eidril Ross Sunny
*VI C*

# *UNITY IS STRENGTH*

Great things are achieved only when we as a united group. Those who stand as one can be easily defeated by a group. Unity will make each one more courageous. Together they will be able to do great things. Have you heard the story of a father who taught his sons the value of unity? he used a bundle of sticks for that. When it was a bundle nobody could break them when taken apart each stick was broken. So the fact is united we stand, divided we fall. Today there is division everywhere. There is no unity in families and nations. So it is our responsibility to develop unity among the people. We think of making our country a super power but it is possible only when we are united. Selfishness is a danger to unity. Selfishness means to think only of our profits. A selfish man doesn't mind what happens to others. He thinks only of the persons achievements in other words give up selfishness and remain united

AISWARYA KRISHNA
IX D

# സമുദ്രം

അലകളാൽ ആടിക്കളിക്കുന്ന നിന്നെ
കാണുമ്പോൾ എന്നിലൊരു മോഹം
നിന്റെ മനസിന്റെ ആഴിയിൽ
ചെന്നൊന്നിരിക്കണം .......................
മത്സ്യകന്യകയുടെ കൊട്ടാരത്തിലേക്കു
യാത്ര പോകണം ..........
നിന്നിലെ ഒരായിരം മത്സ്യങ്ങളിലൂടെ
ഒരു സഞ്ചാരത്തിനായി
ഞാൻ കൊതിക്കുന്നു
നിന്റെ അലകളാകുന്ന കൈകളിൽ
ഇരുന്നൂറു ചിപ്പിയായി
മാറുവാൻ ഞാൻ അലയവെ .....
പേടിയുടെ നീർച്ചാലുകൾ  എന്നിലൂടൊഴുകി
ഞാൻ അറിയുന്നു ഇതിലെ അപകടം
പ്ലാസ്റ്റിക്കുകൊണ്ടും ,മാലിന്യംമൂലവും
മലിനമായ നിന്നിലേക്ക് ചെല്ലുവതെങ്ങനെ
നിഷ്കളങ്കമാം  നിന്റെ മനസിനെ അറിഞ്ഞാലും
കൊടുംവിഷം നിറഞ്ഞ നിന്നുടെ
ശരീരത്തെ ഭയക്കുകയല്ലാതെ എന്തുചെയ്യും
അന്യയാക്കി ഞാൻ മടങ്ങുകയാണ്
നിന്റെ നൊമ്പരം അറിയാതെ ആവുകയില്ല
എന്റെ മോഹം സഫലമാകുമോ എന്നെങ്കിലും
ഒരു ചോദ്യചിഹ്നം മാത്രമേ എൻ മുന്പിലുള്ളു ...............



Anjana  K.J
IX B

# മഴമേഘതേരിൽ......

മഴയായ് തുളുമ്പുന്ന മേഘമേ
മഞ്ഞയിതുളുമ്പുന്ന മേഘമേ
നിൻ മടി തേരിലേന്തും ഇടിയായി മുഴങ്ങും
പൊൻ മേഘമേ .............



പുലരിയിൽ നിദ്രയുണരുമ്പോൾ സൂര്യനാം
ശക്തിയെ
നിൻ നെഞ്ചിൽ എതിരേറ്റി ......
പൊൻ ചൈതന്യമേകും പൊൻ മേഘമേ .
ചില നിറങ്ങളാൽ വിതറി വർണശലഭമാക്കും
പൊൻ മേഘമേ ....
വെളിച്ചമായി മറയും ഇരുട്ടായി മറയും
നിൻ മിഴികളിൽ നിന്നും ....
കാറ്റിലടിക്കുന്ന മരച്ചില്ലകൾ
പോലെ നീ ......
ഏതോ .. ഒരു കാറ്റിനാലയായ് നീങ്ങി മറയുന്നു .
എന്നിരുന്നാലും നിൻ തേരിൽ
ഒന്നു ആലോലമാടാൻ ഞാൻ കൊതിക്കുന്നു എന്നും ..........



# വിദ്യാലയം

അക്ഷരപൂക്കളെ നെറുകയിലേന്തുമാ
അറിവിൻെറ സാഗരം വിദ്യാലയം
ജീവനിൽ ഉന്മേഷ ധാരയായ് ------------
ശ്രുതിക്കുമധുമാം വിദ്യാലയം
തളിരിട്ട തൈകൾക്കു മാതൃകയായിടും
അമ്മിനു തുല്ല്യമാം വിദ്യാലയം
ജീവൻെറ തളിരുറ്റ ഓർമ്മകൾക്കെന്നുമാ
ഹൃദയത്തിൻ ബാഷ്പിണി വിദ്യാലയം
നൈർമല്യം കനിയുന്ന പ്രകൃതിക്കു എന്നേക്കും
ഗുണവിത്തുകൾ പാകിടും വിദ്യാലയം
അക്ഷരപൂക്കളെ നെനുകയിലേന്തുമാ
അറിവിൻെറ സാഗരം വിദ്യാലയം

Aakarsha Jagadeesan
IX A

# AWARD DAY







# Open A Book

*Open a book.......*
*And you will find*
*Peoples and places*
*of every kind...........*
*Open a book....*
*And you can be*
*Anything that you*
*want to be.......*
*Open a book.....*
*And you can share*
*wondrous world*
*You find in there.....*
*Open a book.....*
*And I will, too*
*You read to me*
*And I will read to you....*



*Kavitha Catherin*
*IX B*

# MY SCHOOL

My school is beautiful
and so cool .........
Friends are so many
but best friend is one
Teachers are so nice
give knowledge ad advice ....
Rays are many but
sun is one.............
Come in morning
and end in evening
Listen to knowledge
and get ready to play
Share that what you get.........

Devika A R
IX A

# മനസ്സിൽ ഒരു കുളിർ മഴ......

പ്രകൃതിയുടെ മടിത്തട്ടിൽ ഞാൻ ഒന്നിരിക്കെ
മനസ്സിൽ അറിയാത്തൊരു പൂമഴ
അമ്മതൻ മടിത്തട്ടിലിരിക്കും സുഖം
മനസ്സിൻ  ജാലകം അറിയാതൊന്നു തുറന്നു....



പുതുമഴത്തുള്ളികൾ എന്നപോലെ
പൊടിമണ്ണിൻ സുഗന്ധം
ശീതളകാറ്റിൻ വസന്തം
നീലാകാശപൂന്തോപ്പെന്നപോലെ
അറിയാതെ അതിലൊന്നു മുഴുകി

കുസൃതികാറ്റിൽ ഇലകൾ പൊഴിഞ്ഞു
മനസ്സിൽ ഒരു കുളിർ മഴ പെയ്തു
കള്ളകാറ്റിൽ മുടിയിഴകളുടെ ചാഞ്ചാട്ടം
എത്ര മനോഹരം ...
എത്ര സുന്ദരം ....

THAMMANA KATHOON
STD: IX B

# ***My Native Land***



***Breathes there the man, with soul so died***
***Who never to himself hate said,***
***This is my own, my native land!***
***Whose heart hate never with him burn***
***As home his footsteps he hate turn***
***From wondering on a foreign strand!***
***If such there breathes go mark him well***
***For him no minstrel raptures sweat***

***Adithya N.S***
***IX C***

## കടംകഥകൾ

താനെ വന്നു താനെ പോയി വന്നപ്പോൾ ചൂട് പോയപ്പോൾ ഇരുട്ട്



-

-സൂര്യൻ

കാലൊന്നേയുള്ളൂ പക്ഷെ യാത്ര കുറെ നടത്തും

-കുട





ഞാൻ ഒന്നു മിണ്ടിയാൽ ലോകം വിറയ്ക്കും

-ഇടിവെട്ട്

മണ്ണിനടിയിൽ പൊന്നുരുൽ

-മഞ്ഞൾ





കിട്ടുന്നതൊക്കെ തിന്നും തിന്നുന്നതൊക്കെ ദഹിക്കും

- തീ

<u>*HAVE YOU EVER WONDERED?*</u>

*Have you ever wondered how is it like to feel like a stranger*
*Like a wish rit of water*
*Like a tear drop in a loud laughter*
*Like love in a heart of hater*

*Have you ever wondered how is it like to feel bad*
*Like a drop in the ocean*
*Like a needle in a haystack*
*Lost..... that you don't know white from black*
*Like  walkias  straish in a destination*

*Aiswarya.K.P.*
*IX.D*

# FORGIVE

Forgive someone today forgive
Turn from bitter to positive
End frustration, anger,pain
Wash the anguish from your brain.

No need to reconcile or tell,
just feel better and get well
A brand new,peaceful life to live
that’s your gift ,when you forgive.

Anet T. Milton
IX D

# Daffodils



*I wondered lonely as a cloud*
*That floats on high o'er value and hills*
*when all at once I saw a crowd*
*A host of golden daffodils*

*Besides the lake, beneath trees*
*fluttering and dancing in the breeze*
*continuous as the stars that shine*
*Find twinkle on the milky way*

*Aleena Reji*
*VI C*

# A BOOK SPEAK

When you drop me on the floor
i get stepped on- my sides are sore;
Torn- out pages makes me groan;
I feel dizzy if i' am thrown;
every mark and every stain
on my cover's gives me pain;
please don't hind me, if you do
i don't want to talk to you
but we will both be friends together,
if you protect me from the weather i look
and keep me clean so that i look
a tide neat and happy book

Abhirami K. B
IX B

# അമ്മ



ത്യാഗം എന്ന ഭാവത്തെ മനസ്സിൽ ഈറനണിയിച്ചുകൊണ്ട് നടക്കുന്ന ജീവിത ഉടമയാണമ്മ .ഇളം മനസ്സുകളിൽ ഒരു പുതപ്പുപോലെ 'അമ്മ നമ്മുടെ ജീവനിൽ മുഴുവനായ വേദനയിലും,സന്തോഷത്തിലും കൂട്ടായി മാറുന്നു .'അമ്മ എന്ന ഈ രണ്ടക്ഷരം നമ്മിൽ ഉണ്ടാക്കുന്ന മനോഭാവം   തീർത്തും നിഘൂഢ കാഠിന്യമേറിയതാണ് .നാം നമ്മുടെ ജീവിതത്തിലെ അനർഘവും,അസഹനീയവുമായാ അവസരങ്ങൾ തീർത്തും പങ്കുവയ്ക്കുന്നത് നമ്മുടെ അമ്മയോടാണ് .ജീവന്റെ യഥാർത്ഥ ഉടമയാണമ്മ 'അമ്മ നമ്മുടെ ജീവിതത്തിൽ പകർന്നു തരുന്ന ഓരോന്നും മൂല്യമേറിയതാണ് .കൗമാര പ്രായക്കാരായ വിദ്യാർത്ഥികൾ ഏറ്റവും അടുക്കുന്നത് അവരുടെ അമ്മയോടായിരിക്കും .എന്റെ ജീവിതത്തിലും ഏതാണ്ട് ഇതുപോലുള്ള ഇത്തരനിമിഷങ്ങൾ തന്നെയാണ് ഉണ്ടായിട്ടുള്ളത് .കുട്ടി പ്രായത്തിൽ ഞാൻ ഏറ്റവും കൂടുതൽ സമയം ചിലവഴിച്ചത് എന്റെ അച്ഛനോടൊപ്പമായിരുന്നു എന്നാൽ ഇപ്പൊൾ പ്രായത്തിന്റെ ചില വത്യാസത്തിൽ ഞാൻ ഇപ്പൊൾ അച്ഛനെക്കാൾ ഏറെ നേരം ചിലവഴിക്കുന്നത് എന്റെ അമ്മയോടൊപ്പമാണ് . ജനിച്ചവഴിക്കെ തന്റെ കുഞ്ഞിനെ കാണുന്ന ഒരമ്മക്ക് ഉണ്ടാകുന്ന മനോവിചാരം പറഞ്ഞറിയിക്കാൻപറ്റാത്തതാണ് .അത്രയും നിഷ്കളങ്കമാണ് അമ്മയും മക്കളും തമ്മിലുള്ള ഐക്യം .

AAKARSHA JAGADEESAN
STD .1X.A

# ഈ ഭൂമിയിൽ

സൂര്യകിരണങ്ങൾ ചാർത്തി
നിൽക്കുമീ ഭൂമിയിൽ......
പുഴകളാൽ കാവിനഞ്ഞൊഴു
കുമി ഭൂമിയിൽ ......
 വനകളാൽ  നിറയുമി
ഭൂമിയിൽ ......കിളികളാൽ
സ്വരങ്ങൾ  കേട്ടുണരുമി
ഭൂമികേത്പറ്റി ?
കുന്നിടിച്ചു നികത്തി
വയലുകൾ മണ്ണിട്ടുമൂടി
ശ്വസിക്കുന്ന  വായുവിൽ
വിഷം കലർത്തി
കുളങ്ങളെ തകർത്തു
മീനുകളെ കൊന്നു
പുഴയെ നശിപ്പിച്ചു
ഈ ഭൂമിക്കിതെന്തുപറ്റി?
വംശനാശ ഭീഷണി
നേരിടുന്ന ജന്തുക്കൾ
പക്ഷികൾ ശലഭങ്ങൾ
കത്തിജ്വോലിക്കുന്ന  സൂര്യൻ
ചുറ്റുപോള്ളുന്ന ഞങ്ങൾ .....
ഈ ഭൂമിക്കിതെന്തുപറ്റി ?
ഭൂമിയെ  നശിപ്പിക്കയാനായി
ഒരുബിട്ടിറങ്ങിയോ ഇവൾ
നിർത്തു .......എന്നുപറയാനായി
ആരുമില്ലയോ ......



ആലി  ജിൻസൻ
viii f

# MY FABULOUS FATHER



Oh! father
Your are a miracle
When i am in trouble
You are there to help
When i am sad
You are there as my relief
When i am happy
You are there as my pleasure
Oh! my father
My fabulous father
You are a miracle

Krishnagaadha . S
IX C

## എന്റെ കാവൽക്കാരൻ




എന്നും കാവലായി തുണയായി
എൻ അഭയമായി
എന്നും കാവൽക്കാരനായി
എന്റെ കാവലിനായി
ദൈവം തന്ന സമ്മാനം
ദൈവം തന്ന ധാനം
ദൈവം തന്ന സ്നേഹം
എന്റെ കാവൽമാലാഖാ
എന്റെ ആശ്രയമായി
എന്റെ കാവൽമാലാഖാ

**JEWEL MARIA VIJU**

**1X.D**

# അക്ഷരമുറ്റത്തെ ഓർമകളിൽ ..

മഹത്തായ എന്റെ  വിദ്യാലയത്തിലേക്ക്  ഞാൻ എത്തുന്നത്  ജൂൺ മാസത്തിലാണ് വിളക്കിൽ നിന്ന് പകരുന്ന വെളിച്ചം പോലെ സേക്രഡ് ഹാർട്ട് വിദ്യാലയാന്തരീക്ഷത്തിലും വിളങ്ങി .ദൈവദാനങ്ങൾ ഉപയോഗിക്കാൻ ദൈവം തന്ന കാലഘട്ടമാണിത് .ബാല്യത്തിന്റെ തുടുപ്പിൽ പൂക്കളെയും പൂമ്പാറ്റകളെയും സ്നേഹിച്ച ഞാൻ വളരുന്നത് ഈ വിദ്യാലയത്തിലാണ് ഇവിടെ ചെലവഴിക്കുന്ന ഓരോ ദിവസവും ഞാൻ ഓർമയുടെ മണിച്ചെപ്പിൽ ഭദ്രമായി സൂക്ഷിച്ചുവെക്കുകയാണ് .ദൈവത്തെ സ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന ഓരോ ദിവസവും എന്റെ കൂട്ടുകാരോടൊത്ത് ചിരിച്ചും കളിച്ചും പേടിച്ചും ഞാൻ വളരുകയാണ് .എന്റെ ഈ കാലയളവിൽ ഓർമയിൽ സൂക്ഷിക്കാൻ ഒരുപാട്




മുഖങ്ങൾ, അനുഭവങ്ങൾ, കളികൾ, പൊട്ടിച്ചിരികൾ, കുസൃതികൾ ,വഴക്കുകൾ ,പരിഭവങ്ങൾ.നന്മയാൽ നിറഞ്ഞ അവസരങ്ങളും സ്നേഹം തന്ന വ്യക്തികളും നൊമ്പരത്തിന്റെ തണലായി നിന്നവരും എല്ലാം എന്റെ ഓർമയിൽ ഉണ്ടാകും. ഓരോ ദിവ്സവും ഞാൻ ഒട്ടനവധി കാര്യങ്ങൾ പഠിച്ചെടുത്തു .   എല്ലാ അദ്ധ്യാപകരും  എന്നിക്കു പ്രിയങ്കരരാണ് . ഓരോ അദ്യാപകരിലും ഞാൻ പ്രത്യേകം സൗന്ദര്യം കണ്ടെത്തി. എന്റെ അനുഭവങ്ങൾ എപ്പോഴും എന്റെ മാതാപിതാക്കളെ സതോഷിപ്പിച്ചു .എന്റെ വിദ്യാലയത്തിലെ പ്രാർത്ഥന ഏറ്റവും സന്തോഷകരമാണ് എനിക്ക് .എന്റെ ക്ലാസ്സ്മുറിയിലെ കൂട്ടുകാരുടെ  കളിയും ചിരിയും ഓരോ ദിവസവും എന്നെ സന്തോഷിപ്പിച്ചു. കലോത്സവവേദികളിലും മറ്റുപല മത്സരങ്ങളിലും എന്നെ കൈപിടിച്ചു അധ്യാപകർ എല്ലായിടത്തും എത്തിച്ചു . അവരുടെ അനുഗ്രഹാശിസ്സുകളാൽ ഞാൻ വളർന്നു.ഈ വിദ്യാലയം എന്റെ ജീവിതത്തിൽ എനിക്കേറ്റവും പ്രിയപ്പെട്ടതാണ് .

MALAVIKA  ANIL
STD: VI **C**

# HANDFUL OF HOPE

We never cheer for anybody who missed it,
just missed it.
The crowd jostles behind the winner, the winner
just to touch him.
What will the runners-up do? Just run more to
win some day.
What will the losers do? Be heartbroken and blame
their luck.
Lonely turns the minute hand as each moment drags
behind in despair
Average is not going to look like best
better make it fast for first.
They say for me, triumph advertises destiny improbable,
my battle utterly fruitless.
A day will come, a time for me, when the gazes turn
to my face.
Waiting endless for that dawn when my dream walks to
reality, waking
Put some more effort, real struggle and a true wish to go for
sheer heights.
A day to discover the real me standing with my trophy awarded
for a loving heart
A turbulent mind yet sawing out hope, just a handful of hope,
searching greater delight.

-SHERIN
9 D

# സ്വാതന്ത്ര്യം

ജീവിതം എന്ന വാക്കിന്റെയർത്ഥം,ജീവനുള്ള ഏതൊരു വസ്തുവിന്റെയും ആത്മാവാണ്.അതാണ് സ്വാതന്ത്ര്യം.സ്വർണ്ണകൊട്ടാരത്തിൽ ജീവിക്കുന്നവനായാലും,ചേരികുടിലിൽ വളർന്നവനാണെങ്കിലും,സ്വാതന്ത്ര്യമില്ലാത്ത ജീവിതത്തമാണെങ്കിൽ,അവരുടെ ജീവൻ കളിപാവയ്ക്ക് തുല്യമാകും

"ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ"

എന്നീ പ്രശസ്തമായ ഈരടികൾ നാമേവരും കേട്ടിട്ടുണ്ട്.സ്വർണക്കൂട്ടിലാണ് ഒരു തത്തയെ വളർത്തുന്നതെങ്കിലും,സ്വതന്ത്ര്യമില്ലായ്മയുടെ നൊമ്പരങ്ങൾ ആ സ്വർണക്കമ്പികളെ ഇരുമ്പിനു തുല്യമാക്കുന്നു.പാരിൽ ജീവന് പകരം ജീവനേയുള്ളു.അതിനാൽ സ്വാതന്ത്ര്യത്തിനു പകരം സ്വതന്ത്ര്യമേയുള്ളു.

സ്വാതന്ത്ര്യം തന്നെ അമൃതം .....

ലക്ഷ്മി വി. നായർ
IX A

# Global Warming

## – A Threat For Human Life

what is meant by global warming? It is the long term rise in the average temperature of the earth's climate system. This is due to the large scale heat capacity of the oceans, because oceans lose more heat by evaporation.



The main reason for the global warming is the increase in the green house gases in the atmosphere. The primary green house gases in the earth's atmosphere are chlorofluro carbon, carbon dioxide, methane and nitrous oxide. Increase in population, burning of fossil fuels like coal, oil, petroleum, deforestation, gases from e-wastes are the main causes for green house gases.

The after effects of global warming are unthinkable to us. Acid rain caused by the effect of global warming is a big threat to human life. we must want to overcome such a harmful and threatening dangerous phenomena. global warming.

Afforestation is the most good and important solution for this. Plants can play a major role in the decreasing of carbon dioxide in the atmosphere.

LET'S PUT FORWARD A STEP AGAINST GLOBAL WARMING

SAPARYA PRAVEEN T

IX A


-

# HARD WORK




*IT IS IMPORTANT TO WORK HARD THERE IS NO SHORTCUT AROUND THAT.*

- *Sachin Ramesh Tendulkar*




*'I CAN' IS HUNDRED TIMES MORE IMPORTANT THAN 'IQ'*

*-Albert Einstein*



THE DICTIONARY IS THE *ONLY PLACE ,WHERE THE SUCCESS COME BEFORE WORK*

*- Mark Twain*



*I HAVE NOT FAILED,I'VE JUST FOUND 10000 WAYS THAT WON'T WORK*

*-Thomas Alva Edison*

Success is the fruit of Hard work..........................................

## മാനത്തെ സ്വപ്ന സഞ്ചാരികൾ

ആകാശം നിറയെ കറുത്ത വര്ണക്കടലാസുകൾ നീന്തിത്തുടിക്കുന്ന .മാനം മുഖം വീർപ്പിച്ചു നിൽക്കുന്ന ഒരു അനുഭൂതി . ജലാശയത്തിൽ നീന്തിത്തുടിക്കുന്ന അരയന്നങ്ങളെപോലെ ആകാശത്തു കാര്വര്ണനായ മേഘം നീന്തിത്തുടിക്കുന്നു . ആകാശത്തിനു ആരോ ജലച്ഛായം നൽകി ഒരു മനോഹരചിത്രം സൃഷ്ടിച്ചിരിക്കുന്നു . ശൂന്യതയിൽ കരിനിറം പൂശി ജലക്കുടം തലയിൽ വഹിക്കുന്ന മേഘ്പെണ്കൊടി ആരെയും വിസ്മരിപ്പിക്കുന്ന രീതിയിൽ  തന്റെ ജലച്ഛായചിത്രങ്ങൾ പല ആകൃതിയിലാക്കി പ്രദർശിപ്പിക്കുന്നു . വാനിൽ നിന്ന് നൂലുകൾ വീഴുന്നത് പോലെ പൂവിനെ ചുംബിക്കുന്ന ചാറ്റൽമഴ .മഴകാര് പ്രേമലേഖനവുമായി കിന്നാരം പാടിവരുന്ന ഇളംകാറ്റ് .ഇളംകാറ്റിൽ വള്ളികൾ തന്റെ നർത്തനരംഗം മികവുറ്റതാക്കുന്നു . ചുറ്റും കുടിവെള്ളത്തിന്നായി നാവുനീട്ടുന്ന പുഞ്ചപ്പാടങ്ങൾ .



തെക്കൻ ഭാഗങ്ങളിൽ  കാണപ്പെടുന്ന ഒരു തരം കാറ്റ്  അത് എന്നെയും ആർദ്രമായി സ്പർശിച്ചു . നറുസുഗന്ധമേകി ചെമ്പക വള്ളികൾ .പതിയെ പതിയെ മാനം തന്റെ വിതുമ്പലിന്റെ കാഠിന്യം കൂട്ടി. പൊടിയീച്ചകൾ  പാറുന്നതു പോലെ മഴത്തുള്ളികൾ .ചുറ്റും മഴത്തുള്ളികിലുക്കം .ആ മഴ അവസാനം ഒരു ഉത്സാവത്തിന്റെ അനുഭവത്തിലേക്കെത്തിച്ചു . പ്രകൃതി മാതാവിന്റെ പൊൻമിന്നൽ കാഞ്ചിയാകുന്ന ഇടിയും മഴയും പ്രേമലേഖനവുമായി കാറ്റും ചേർന്നു ഒരു സംഗീത വിരുന്നു ഈ മാസ്മരിക ലോകത്തിൽ തീർത്തു .വീടുകൾക്ക് അലങ്കാരമായി നീണ്ടുനിൽക്കുന്ന  നൂൽമുതുകൾ . മഴയുടെ കൊടിയിറക്കം ഒരു ഉത്സാവത്തിന്റെ കൊടിയേറ്റം പോലെ അനുഭവപ്പെട്ടു . മഴ ശാന്തമായപ്പോൾ ആകാശത്തു ഏഴുവർണത്തിൽ മഴവില്ലും അതിന്റെ സൗന്ദര്യം ആസ്വദിച്ചു നിൽക്കുന്ന സൂര്യനും വൃക്ഷലതാദികളും ഈ പ്രകൃതിയും നമ്മെ അനുഭൂതിയുടെ ലോകത്തിലേക്ക് നയിക്കുന്നു .ഈ മനോഹരമായ പ്രകൃതി നമ്മെ എന്നും ആശ്ചര്യപ്പെടുത്തുന്ന ഒരു അമ്മയായി മാറുന്നു ....................

MALAVIKA.M
-IX

# TECHNOLOGY IN EDUCATION

Nelson Mandela said “Education is the most powerful weapon which you can use to change the world”

In the modern world, technology has become an integral part of our education. It has entered our classrooms and become an inevitable part of our educational system .Technology makes teaching and learning meaningful .Modern technology has made it so much easier to obtain educational information for classroom or homework assignments.

Technology has change and will change many ideas of education. the potential of educational system captures the lives of many students and teachers. technology is always seen as one of the most important tool in education. There are many different types of technologies that have been used in education. Some of the technology seem so simple, while other forms are so complex.

Technology is changing the way students learn but also the way professors teach! Through modern technology students can attain the skills they need to be successful in the future. Modern learning is about collaborating with others, developing different forms of communication,leadership skills and improving motivation and productivity. Advances in technology and computers will continue to play an important role in education for many generations to come.

Technology is just a tool. In terms of getting the kids working together and motivating them, the teachers are most important-Bill gates

Ansiya wilson

## NATURE



**NATURE LARGELY REFERS TO OUR PHYSICAL WORLD AND LIFE IN GENERAL . THE WORD NATURE IS DERIVED FROM THE LATIN WORD NATURE AND ESSENTIALLY REFERS TO THINGS THAT ARE IN EXISTENCE OR CREATED NATURALLY . THIS COVERS GEOLOGY AND WILD LIFE AND VARIOUS TYPES OF LIVING PLANTS AND ANIMALS AND THE ENVIRONMENT AROUND US AND OFTEN MEANS THE NATURAL ENVIRONMENT OR WILDEARNESS- WILD ANIMALS ,ROCKS ,FOREST, BEACHES ,AND THOSE THINGS THAT HAVE NOT BEEN SUBSTANTIALLY ALTERD BY HUMAN INTERVENTION . EXISTENCE OF HUMAN WITHOUT NATURE IS IMPOSSIBLE**

SAVE NATURE, SAVE LIFE

Sanjana P.S S

IX B

# POETS




Poets are not only writers,

They are also dreamers,

Dreaming is an art.

But,don't be poets to dream,

Dream to be poets

LANIA THOTTAN

# സൗഹൃദം



അറിവിന്റെ ലോകത്തു കൂട്ടായി മാറിയ
നിറമുള്ളൊരോര്മയോ  സൗഹൃദം?
ജീവിതയാത്രയിൽ കാണുന്ന കാഴ്ചകൾ
കൊതിയോടെ പങ്കുവെക്കുന്നതോ ?
മുല്ലച്ചെടിപോൽ എന്നുള്ളിൽ
പടർന്നുപന്തലിച്ച സ്നേഹമോ സൗഹൃദം ?
ഒടുവിൽ വിട പറഞ്ഞകലുമ്പോൾ മനസ്സിൽ
സുഖമുള്ളൊരോര്മയോ സൗഹൃദം ?

SANDRA P.S
IX D

# FRIENDS INDEED


*Sometimes we fight with all our might*
*And doors are seemed to close*
*But in the end, friend again,*
*And that's what counts the most*
*Through thick and thin, tested by time*
*Our friendship will never die............*
*We might grow old all secret told*
*But will be here, as time goes by*



*Sandra .P. S*
*IX. D*

## സൂര്യവസന്തം

ഭൂമിയാം മായികലോകത്തിനു -
കാന്തിയേകാൻ പ്രകാശകിരണങ്ങളുമേന്തി
ഉദിച്ചുയരുന്ന രാഗാർദ്രസൂര്യൻ
രാത്രിയാം അന്ധകാരത്തെ
പ്രകാശപുഷ്പങ്ങളാൽ
പൊതിഞ്ഞീടുന്ന സൂര്യവസന്തം
ആഴിയിൽനിന്ന് ഉദിച്ചുയരുന്ന
പൊൻപ്രഭയെ ...... നീയാണ്
പ്രഭാതസൗന്ദര്യത്തിന്റെ ജനകൻ
ഏകനായ് നീ അന്ധകാരം തുടച്ചുമാറ്റുന്നു
ആകാശനീലിമയിൽ തേജസ്വിയായ്
വാഴുമഗ്നിഗോളമേ.....
സുരഭിലഭൂമിയെ ചുട്ടെരിക്കാനും
കഴിവാണ് നിനക്കുമാത്രം
പ്രപഞ്ചമാം സത്യത്തിനു മുഴുവൻ
പ്രകാശവലയമായ് മാറുന്നസൂര്യൻ
നീ വിശ്രമിക്കുമ്പോൾ പ്രപഞ്ചം
മുഴുവനും വിശ്രമം കൊള്ളുന്നു
നീ ഉദിച്ചുയരുമ്പോൾ ഏവരും
ഉണർന്നുകൊള്ളുന്നു
താപനിലയമാം നിൻ ശരീരത്തെ
സ്പർശിക്കുന്നതോ അസംഭവ്യം
ഭൂമിയേ തോഴനാം ചന്ദ്രനെ-
യേൽപ്പിച്ചു സമുദ്രതാളങ്ങളിൽ
ലയിച്ചുചേരാൻ യാത്രയായിടുന്നു
നീ സൂര്യദേവാ .......



ആദിത്യ സുരേഷ്
IX B

# Centenary Programmes
























**ഹൃദയവീണക്ക് പിന്നിൽ പ്രവർത്തിച്ച അനിത ടീച്ചർക്കും ,നിഷ ടീച്ചർക്കും ,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും**

നന്ദി .............

